**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 498** **13-01-2021 - ൽ മറുപടിയ്ക്ക്**

**ട്രഷറികളിലെ സാമ്പത്തിക ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ട്രഷറികളിലെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്നതിന് ധനകാര്യ വകുപ്പിന് പ്രത്യേക സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | ട്രഷറികളിലെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്നതിനു മാത്രമായി ധനകാര്യ വകുപ്പിൽ പ്രത്യേക സംവിധാനം നിലവിലില്ല . എന്നാൽ ധനകാര്യ പരിശോധനാ വിഭാഗം ജില്ലകളിലെ തങ്ങളുടെ ജോലിയുടെ ഭാഗമായി ട്രഷറികളിലും പരിശോധന നടത്താറുണ്ട്. |
| (ബി) | 2016 ജനുവരി മുതൽ ട്രഷറികളിൽ കണ്ടെത്തിയ സാമ്പത്തിക ക്രമക്കേട് കേസുകൾ എത്ര; ഇതിൽ എത്ര കേസുകളിൽ ട്രഷറി വകുപ്പ് ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; എത്ര കേസുകൾ ധനകാര്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്; ഏതെല്ലാം; സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ബി) | 5 കേസുകൾ. എല്ലാ കേസുകളിലും ട്രഷറി ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. 1) നിരോധിത 500/-ന്റെയും 1000/-ന്റെയും നോട്ടുകൾ കൊട്ടവള്ളി സബ് ട്രഷറിയുടെ പേരിൽ ബാങ്കിലൊട്ടുക്കി പകരം 44,02,000/- രൂപയുടെ പുതുതായി പ്രാബല്യത്തിൽ വന്ന നോട്ടുകൾ കൈക്കലാക്കുകയുണ്ടായി. 2) പൊന്നാനി സബ് ട്രഷറിയിൽ നിന്ന് സ്ഥിരനിക്ഷേപങ്ങൾ മോഷ്ടിച്ച് ചങ്ങരംകുളം സബ് ട്രഷറിയുടെ പേരിൽ വ്യാജ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ നൽകിയതുവഴി 12,41,600/- രൂപയുടെയും, ചങ്ങരംകുളം സബ് ട്രഷറിയിൽ ഇടപാടുകാർ സമർപ്പിച്ച ചെക്കുകളിൽ തിരിമറി നടത്തി 51,656/- രൂപയും അപഹരിക്കുകയുണ്ടായി. 3) 04/11/2017 വയനാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ വയനാട് ജില്ലാ ട്രഷറിയിൽ പേയ്മെന്റിനായി വന്ന 7500/- രൂപയുടെ ചെക്ക്, 75,000/- രൂപ പെയ്മെന്റ് നടത്തിയതായി കാണിച്ച് ട്രഷറർ 67,500/- രൂപ കൈക്കലാക്കിയതുമായി ബന്ധപ്പെട്ട കേസ് . 4) ചേലക്കര സബ് ട്രഷറിയിലെ പെൻഷണറായ ശ്രീ.വി.ഐ. ഇബ്രാഹിമിന്റെ പേരിൽ ട്രഷറിയിൽ നിന്ന് അനധികൃതമായി ചെക്കുകൾ കൈക്കലാക്കി ടിയാന്റെ പി.റ്റി.എസ്.ബി അക്കൗണ്ടിൽ നിന്നും 1,40,000/- രൂപ പലതവണകളായി പിൻവലിച്ചതുമായി ബന്ധപ്പെട്ട കേസ്. 5) തിരുവനന്തപുരം വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയിൽ രണ്ട് കോടി രൂപയുടെ തിരിമറി |

| | | | |
|---|---|---|---|
| | | | നടത്തിയതുമായി ബന്ധപ്പെട്ട കേസ് . കൊടുവള്ളി സബ് ട്രഷറിയിലെ സാമ്പത്തിക ക്രമക്കേടുകൾ ധനകാര്യ ഇൻസ്പെക്ഷൻ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ടി ക്രമക്കേടുകൾക്ക് കാരണക്കാരായ ജീവനക്കാർക്കെതിരെ ചട്ടപ്രകാരമുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റക്കാർക്ക് അവർ അർഹിക്കുന്ന ശിക്ഷ നൽകുന്നതിനും സർക്കാരിന് നഷ്ടമായ തുകകൾ തിരികെ ഈടാക്കുന്നതിനുമുള്ള നടപടികൾ ചട്ടപ്രകാരം സ്വീകരിച്ചു വരുന്നു. |
| (സി) | ക്രമക്കേടിന് കാരണക്കാരായ ഉദ്യോഗസ്ഥരുടെ പേരിൽ സർക്കാരോ ട്രഷറി വകുപ്പോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ടി ക്രമക്കേടുകൾക്ക് കാരണക്കാരായ ജീവനക്കാർക്കെതിരെ ചട്ടപ്രകാരമുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റക്കാർക്ക് അവർ അർഹിക്കുന്ന ശിക്ഷ നൽകുന്നതിനുള്ള നടപടികൾ ചട്ടപ്രകാരം ട്രഷറി വകുപ്പ് സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| (ഡി) | 2016 ജനുവരി മുതലുള്ള സാമ്പത്തിക ക്രമക്കേടുകളിൽ എത്ര രൂപ വകുപ്പിന് നഷ്ടം സംഭവിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; പ്രസ്തുത തുക തിരികെ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | 5 കേസുകൾ. എല്ലാ കേസുകളിലും ട്രഷറി ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. 1) നിരോധിത 500/-ന്റെയും 1000/-ന്റെയും നോട്ടുകൾ കൊടുവള്ളി സബ് ട്രഷറിയുടെ പേരിൽ ബാങ്കിലൊടുക്കി പകരം 44,02,000/- രൂപയുടെ പുതുതായി പ്രാബല്യത്തിൽ വന്ന നോട്ടുകൾ കൈക്കലാക്കുകയുണ്ടായി. 2) പൊന്നാനി സബ് ട്രഷറിയിൽ നിന്ന് സ്ഥിരനിക്ഷേപങ്ങൾ മോഷ്ടിച്ച് ചങ്ങരംകുളം സബ് ട്രഷറിയുടെ പേരിൽ വ്യാജ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ നൽകിയതുവഴി 12,41,600/- രൂപയുടെയും, ചങ്ങരംകുളം സബ് ട്രഷറിയിൽ ഇടപാടുകാർ സമർപ്പിച്ച ചെക്കുകളിൽ തിരിമറി നടത്തി 51,656/- രൂപയും അപഹരിക്കുകയുണ്ടായി. 3) 04/11/2017 വയനാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ വയനാട് ജില്ലാ ട്രഷറിയിൽ പേയ്മെന്റിനായി വന്ന 7500/- രൂപയുടെ ചെക്ക്, 75,000/- രൂപ പെയ്മെന്റ് നടത്തിയതായി കാണിച്ച് ട്രഷറർ 67,500/- രൂപ കൈക്കലാക്കിയതുമായി ബന്ധപ്പെട്ട കേസ് . 4) ചേലക്കര സബ് ട്രഷറിയിലെ പെൻഷണറായ ശ്രീ.വി.ഐ. ഇബ്രാഹിമിന്റെ പേരിൽ ട്രഷറിയിൽ നിന്ന് അനധികൃതമായി ചെക്കുകൾ കൈക്കലാക്കി ടിയാന്റെ പി.റ്റി.എസ്.ബി അക്കൗണ്ടിൽ നിന്നും 1,40,000/- രൂപ പലതവണകളായി പിൻവലിച്ചതുമായി ബന്ധപ്പെട്ട കേസ്. 5) തിരുവനന്തപുരം വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയിൽ രണ്ട് കോടി രൂപയുടെ തിരിമറി നടത്തിയതുമായി ബന്ധപ്പെട്ട കേസ് . കൊടുവള്ളി സബ് ട്രഷറിയിലെ സാമ്പത്തിക |

| | | | |
|---|---|---|---|
| | | | ക്രമക്കേടുകൾ ധനകാര്യ ഇൻസ്‌പെക്ഷൻ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ടി ക്രമക്കേടുകൾക്ക് കാരണക്കാരായ ജീവനക്കാർക്കെതിരെ ചട്ടപ്രകാരമുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റക്കാർക്ക് അവർ അർഹിക്കുന്ന ശിക്ഷ നൽകുന്നതിനും സർക്കാരിന് നഷ്ടമായ തുകകൾ തിരികെ ഈടാക്കുന്നതിനുമുള്ള നടപടികൾ ചട്ടപ്രകാരം സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ